**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1763** **04-02-2026 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം നിയോജക മണ്ഡലത്തിൽ 2016 മുതൽ 2025 വരെയുള്ള കാലയളവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് അനുവദിച്ച കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | നാദാപുരം നിയോജക മണ്ഡലത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജിൽ മൂന്ന് നിലകളുള്ള രണ്ട് അക്കാദമിക്ക് കെട്ടിടങ്ങളും, കാന്റീൻ കെട്ടിടവും, വനിതാ ഹോസ്റ്റലും ഉൾപ്പെടെയുള്ള കെട്ടിട നിർമാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഇവയ്ക്ക് ആകെ 16.64 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ കോളേജിൽ അസാപ് കേരളയുടെ നേതൃത്വത്തിൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിംഗ് (CSDCCP) എന്ന പേരിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് ഉയർന്ന തൊഴിൽസാധ്യതയുള്ള മേഖലകളിൽ നൈപുണ്യധിഷ്ഠിത പരിശീലനം, എംപ്ലോയബിലിറ്റി സ്കിൽ പരിശീലനം എന്നിവ നൽകി വരുന്നു.<br><br>ഐ.എച്ച്.ആർ.ഡി-യുടെ നിയന്ത്രണത്തിലുള്ള നാദാപുരം അപ്ലൈഡ് സയൻസ് കോളേജിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും 2021-2022 സാമ്പത്തിക വർഷത്തിൽ ₹10 ലക്ഷം അനുവദിക്കുകയും പ്രസ്തുത അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ